YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY · KOTTAYAM ·

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 17152/ADA1 SO/2020/എ ഡി എ 1 തീയതി: 15.04.2021

**സർക്കുലർ**

വിഷയം:- കോവിഡ് 19 - നിർവ്യാപനം - സർവ്വകലാശാലയിൽ പാലിക്കേണ്ട മുൻകരുതലുകൾ - ജീവനക്കാർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- രജിസ്ട്രാറുടെ 15.04.2021 തീയതിയിലെ രജി/2/64/2021 നമ്പർ കുറിപ്പ്.

------

കോവിഡ് വ്യാപനം തീവ്രമായി തുടരുന്ന പശ്ചാത്തലത്തിൽ, കോവിഡ് പ്രോട്ടോക്കോളിൻറെ ഭാഗമായി ക്യാമ്പസ്സിൽ സർവ്വകലാശാല ജീവനക്കാർ പാലിക്കേണ്ട മുൻകരുതലുകൾ വ്യക്തമാക്കി പരിപത്രങ്ങളും ഉത്തരവുകളും ഇതിനകം തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ, ആയതിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ജീവനക്കാർ കാട്ടുന്ന തുടർച്ചയായ വിമുഖത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ, കോവിഡ് നിർവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി സർവ്വകലാശാലയിലെ എല്ലാ ജീവനക്കാരും താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. സർവ്വകലാശാല ക്യാമ്പസ്സിലെ ഭരണ, പരീക്ഷാ വിഭാഗങ്ങളിലെയും, പഠന വകുപ്പുകളിലെയും ഓഫീസുകളിൽ പ്രവേശിക്കുന്നതിന് മുൻപായി നിർബന്ധമായും സോപ്പ് ഉപയോഗിച്ച് കൈകൾ വൃത്തിയാക്കി, സാനിറ്റൈസ് ചെയ്യേണ്ടതാണ്.
2. ജീവനക്കാർ നിർബന്ധമായും ശരീരതാപനില പരിശോധനയ്ക്ക് വിധേയരാവേണ്ടതാണ്.
3. കോവിഡ് പ്രോട്ടോക്കോൾ പാലിക്കാത്ത ജീവനക്കാർക്ക് / സന്ദർശകർക്ക് ഓഫീസിനുള്ളിലേയ്ക്ക് സുരക്ഷാ ജീവനക്കാർ പ്രവേശനം അനുവദിക്കുന്നതല്ല.
4. ജീവനക്കാർ മേൽ നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിന് ശേഷം മാത്രമേ ഓഫീസിൽ പ്രവേശിക്കുന്നുള്ളൂ എന്ന് സുരക്ഷാ വിഭാഗം ജീവനക്കാർ ഉറപ്പു വരുത്തേണ്ടതും, കോവിഡ് പ്രോട്ടോക്കോൾ പാലിക്കാത്തവരെ ഓഫീസിൽ പ്രവേശിക്കുന്നതിൽ നിന്നും വിലക്കേണ്ടതും, ടി ജീവനക്കാരുടെ വിശദാംശങ്ങൾ രജിസ്ട്രാറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

ഒപ്പ്

**രമേഷ് ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. എല്ലാ സെക്ഷനുകൾ/ സ്കൂളുകൾ/ ഡിപ്പാർട്ട്മെൻറുകൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. പി.ആർ.ഒ./ സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
5. കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
6. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഡേ ഫയൽ/ ഫയൽ കോപ്പി

Draft #44 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 15-Apr-2021 04:42 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം